**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – കുടുംബശ്രീ – സി.ഡി.എസ് ചെയർപേഴ്സൺ സ്ഥാനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ സംവരണം – ആലപ്പുഴ ജില്ലയിലെ ചെട്ടിക്കുളങ്ങര സി.ഡി.എസ് ചെയർപേഴ്സൺ സ്ഥാനം പട്ടിക വർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തത് റദ്ദാക്കിക്കൊണ്ട് ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്)നം. 207/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 31/07/2012.

---

പരാമർശം (1) 27/12/2011 ലെ സ.ഉ (പി) നമ്പർ 324/2011/ത.സ്വ.ഭ.വ

(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02/06/2012 ലെ കെ.എസ്സ്./എം/7375/2008 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ സ്ഥാനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംവരണം നിശ്ചയിച്ചുകൊണ്ട് ഉത്തരവായിരുന്നു. ഇത് പ്രകാരം ആലപ്പുഴ ജില്ലയിലെ ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ചെയർപേഴ്സൺ സ്ഥാനം പട്ടികവർഗ്ഗ വിഭാഗത്തിനായി സംവരണം ചെയ്തിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആനുപാതിക പ്രാതിനിധ്യം കണക്കിലെടുത്താണ് കുടുംബശ്രീ സി.ഡി.എസ്സുകൾ സംവരണം ചെയ്യപ്പെട്ടിട്ടുള്ളത്.

2. ചെട്ടികുളങ്ങര സി.ഡി.എസിൽ ആകെ 11 പട്ടികവർഗ്ഗക്കാർ മാത്രമാണ് അംഗങ്ങളായുള്ളതെന്നും, തെരഞ്ഞെടുപ്പിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ ആരും തന്നെ തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല എന്ന കാരണത്താൽ തെരഞ്ഞെടുപ്പ് മാറ്റിവച്ചിട്ടുള്ളതായും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശിത കത്തിലൂടെ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കുടുംബശ്രീ കംപ്യൂട്ടർ സെന്ററിൽ ഡേറ്റാ എൻട്രി നടത്തിയപ്പോൾ പട്ടികവർഗ്ഗ വിഭാഗത്തിലെ അംഗങ്ങളുടെ എണ്ണം 11 ന് പകരം 155 എന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്നും ആലപ്പുഴ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ അന്വേഷണം നടത്തി ചെട്ടികുളങ്ങര സി.ഡി.എസിൽ ആകെ 11 പട്ടികവർഗ്ഗ അംഗങ്ങൾ മാത്രമേയുള്ളൂ എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, ഡാറ്റാ എൻട്രിയിൽ സംഭവിച്ച പിശകുകാരണം ലഭിച്ച തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ചെട്ടികുളങ്ങര സി.ഡി.എസ് ചെയർപേഴ്സൺ സ്ഥാനം പട്ടികവർഗ്ഗ വിഭാഗത്തിനായി സംവരണം ചെയ്തത് റദ്ദാക്കി ടി സി.ഡി.എസ് ചെയർപേഴ്സൺ സ്ഥാനം പൊതുവിഭാഗത്തിനായി പുതുക്കി സംവരണം ചെയ്ത് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം – 1 ലെ സർക്കാർ ഉത്തരവ് പ്രകാരം ചെട്ടിക്കുളങ്ങര സി.ഡി.എസ് ചെയർപേഴ്സൺ സ്ഥാനം പട്ടികവർഗ്ഗ വിഭാഗത്തിനായി സംവരണം ചെയ്യപ്പെട്ട സി.ഡി.എസുകളുടെ

ലിസ്റ്റിൽ നിന്നും ഒഴിവാക്കിയും ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ചെയർപേഴ്സൺ സ്ഥാനം പൊതുവിഭാഗത്തിനായി പുതുക്കി സംവരണം ചെയ്തും ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം -1 ലെ സർക്കാർ ഉത്തരവ് മുകളിൽ വിവരിച്ച ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സുരേഷ്കുമാർ. വി.എസ്.
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, കേരളം), തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
3. എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം
4. ജില്ലാകളക്ടർ, ആലപ്പുഴ
5. നഗര കാര്യ ഡയറക്ടർ, തിരുവനന്തപുരം
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
7. സെക്രട്ടറി, ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
8. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ
10. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
11. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ